File No.FWLD-A2/41/2019-FWLD

4372
15/3/21

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - അച്ചൻകോവിൽ ഡിവിഷനിലെ കല്ലാർ റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരിക്കെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച- ശ്രീ.കെ.എൻ.ശ്രീകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) -അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.11/2021/വനം തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 13/12/2017-ലെ A1/149/2017-Fwld നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും.

2 സ.ഉ.(സാധാ) നം.491/2018/വനം തീയതി 24.11.2018.

3 06.09.2019-ലെ FWLD A2/41/2019/FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

4 കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.കെ.എൻ.ശ്രീകുമാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) സമർപ്പിച്ച 12.02.2020-ലെ പ്രതിവാദപത്രിക.

5 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ 02.03.2020-ലെ ബി2-33389/2017 നമ്പർ കത്ത്.

6 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 21.12.2020-ലെ എ1-3/80/2020 KPSC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അച്ചൻകോവിൽ ഡിവിഷനിലെ കല്ലാർ റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.കെ.എൻ.ശ്രീകുമാർ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ സ്ഥിരമായി വീഴ്ച വരുത്തുന്നു, ഫീൽഡ് ജോലികൾ നേരാംവണ്ണം ചെയ്യുന്നില്ല, മേലുദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുന്നു, മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്നിങ്ങനെയുള്ള അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ആരോപണങ്ങളിന്മേൽ കൊല്ലം ചീഫ് കൺസർവേറ്റർ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ ടി ആരോപണങ്ങളെല്ലാം തെളിയുകയും ചെയ്തു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.എൻ.ശ്രീകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

a. 29.03.2017 ൽ മദ്യപിച്ച് അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ചേമ്പറിൽ കടന്ന് അസഭ്യവാക്കുകൾ പറയുകയും, ആക്രോശിക്കുകയും, ധിക്കാരപരമായി പെരുമാറുകയും ചെയ്തതിലൂടെ യൂണിഫോംധാരിയായ ഒരു ഓഫീസറുടെ പദവിക്ക് ചേരാത്തനിലയിലും വനംവകുപ്പിന്റെ അന്തസിനും യശ്ശസിനും ഹാനിവരുത്തുന്ന രീതിയിലും പ്രവർത്തിച്ചു.

b. ഔദ്യോഗിക മൊബൈൽ നമ്പരിൽ വിളിച്ച് നൽകുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിച്ചില്ല.

c. മേലധികാരിയുടെ മുൻകൂർ അനുമതി കൂടാതെയും അവധി അപേക്ഷ സമർപ്പിക്കാതെയും ഹെഡ്ക്വാർട്ടേഴ്സ് വിട്ടുപോയി.

d. കല്ലാർ റെയിഞ്ചിൽ നടന്നുവരുന്ന വിവിധ വന സംബന്ധമായ ജോലികൾ സമയബന്ധിതമായി പരിശോധിക്കുകയോ ആവശ്യമായ നിർദ്ദേശങ്ങൾ കീഴുദ്യോഗസ്ഥർക്ക് നൽകുകയോ ചെയ്യാതിരുന്നതിലൂടെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്ന നിലയിലുള്ള കർത്തവ്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

e. കല്ലാർ റെയിഞ്ചിലെ 1970 ആലപ്പാടി തേക്ക് തോട്ടത്തിലെ അന്തിമ ഇടവെട്ട് ജോലികൾ കൃത്യമായി പരിശോധിക്കുകയോ, മാർക്കിംഗ് രജിസ്റ്ററിൽ ഫോറസ്റ്റ് കോഡ് പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തില്ല.

f. ഓഫീസിലെ അറ്റെൻഡൻസ് രജിസ്റ്ററിൽ ഒപ്പുവയ്ക്കുകയോ കൃത്യമായി വീക്കിലി ടൂർ ഡയറികൾ സമർപ്പിക്കുകയോ ചെയ്തില്ല.

2) കുറ്റപത്രത്തിന് ശ്രീ. കെ.എൻ . ശ്രീകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയും ആയതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും വിശദമായി പരിശോധിച്ചു. ശ്രീ. കെ. എൻ. ശ്രീകുമാറിന്റെ പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാലും, ടിയാൻ 31.07.2018- ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും, കേരള സർവ്വീസ് റൂൾസ് ഭാഗം 3 , ചട്ടം 3 ലെ റൂളിംഗ് നമ്പർ 2 പ്രകാരം ടിയാനെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം ഒരു ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയുണ്ടായി.

3) റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.എൻ . ശ്രീകുമാറിന് എതിരെ ആരോപിക്കപ്പെട്ടിരുന്ന 6 ചാർജ്ജുകളും ഔപചാരിക അന്വേഷണത്തിൽ തെളിയിക്കപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3, ചട്ടം 3 ലെ റൂളിംഗ് നമ്പർ 2 പ്രകാരം ടിയാൻ സേവനത്തിലിരിക്കെ ചെയ്ത കുറ്റത്തിന് ആനുപാതികമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 1 വർഷത്തേക്ക് കുറവ് ചെയ്യുവാൻ തീരുമാനിച്ച് ആയതിനു പരാമർശം (3 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ആയതിനു ടിയാൻ പരാമർശം (4 ) പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രതിവാദപത്രികയും, അതിൻമേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പരാമർശം (5 ) പ്രകാരമുള്ള അഭിപ്രായവും, ശ്രീ. കെ. എൻ. ശ്രീകുമാറിനെ നേരിൽ കേട്ടപ്പോഴുന്നയിച്ച വാദവും സർക്കാർ വിശദമായി പരിശോധിച്ചു. നേരിൽ കേൾക്കുന്ന അവസരത്തിലും കുറ്റങ്ങൾ നിഷേധിക്കുന്നതിന് ഉപോൽബലകമായ തെളിവുകൾ ഹാജരാക്കാൻ ടിയാന് കഴിഞ്ഞിരുന്നില്ല.

4) അന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത് ശ്രീ.കെ.എൻ.ശ്രീകുമാർ അച്ചൻ കോവിൽ ഡിവിഷനിൽ, കല്ലാർ റേഞ്ചിൽ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരിക്കെ മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ യഥാവിധി പാലിക്കുകയോ തന്നിൽ അർപ്പിതമായ കടമ

നിർവ്വഹിക്കുന്ന കാര്യത്തിൽ ക്ലറ്റ പുലർത്തുകയോ ചെയ്തില്ല എന്നാണ്. മദ്യപിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ചേമ്പറിൽ കടന്ന് അസഭ്യവാക്കുകൾ പറഞ്ഞുവെന്നത് പ്രതിവാദപത്രികയിൽ ടിയാൻ നിരാകരിച്ചുവെങ്കിലും ഈ വിഷയവുമായി ബന്ധപ്പെട്ട് തെന്മല പോലീസ് സ്റ്റേഷനിൽ 50710/5 നമ്പരായി ക്രൈം കേസ് രജിസ്റ്റർ ചെയ്ത കാര്യം നേരിൽ കേൾക്കുന്ന അവസരത്തിൽ ടിയാൻ സമ്മതിക്കുകയുണ്ടായി. ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്താത്ത കുറ്റവും, ടൂർ ഡയറികൾ സമർപ്പിക്കാത്ത കുറ്റവും നിഷേധിച്ചിട്ടില്ല.

5) ശ്രീ.കെ.എൻ.ശ്രീകുമാറിനെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ നിലനിൽക്കുന്നതാണെന്ന് കണ്ട് പരാമർ ശം 3 പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിലെ താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സർക്കാർ ആരാഞ്ഞിരുന്നു. ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ, സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാമർശം (6 ) പ്രകാരം അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

6) മേൽ സാഹചര്യത്തിൽ റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.എൻ ശ്രീകുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 1 വർഷത്തേയ്ക്ക് കുറവ് ചെയ്യുവാനുള്ള പരാമർശം (3 ) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJEEVAN M K
അണ്ടർ സെക്രട്ടറി

പകർപ്പ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

ശ്രീ.കെ.എൻ .ശ്രീകുമാർ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട).

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന) .

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ & ഇ) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ANILKUMAR C
Date 2021.01.20 [illegible] IST
Reason: Approved
സെക്ഷൻ ഓഫീസർ